# മലങ്കര ഓർത്തഡോക്സ്
# സുറിയാനിസഭാ
# ഭരണഘടന.

---

ഒന്നാം പതിപ്പ്
കോപ്പി 1000.

---

Printed at
The Malayala Manorama Press
Kottayam.

1110.

# മലങ്കര ഓർത്തഡോക്സ് (സത്യ) സുറിയാനിസഭയുടെ ഭരണഘടന.

## 1. പ്രഖ്യാപനം

1. മലങ്കരസഭ—ഓർത്തഡോക്സ് സുറിയാനിസഭയുടെ ഒരു വിഭാഗവും, ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പാത്രിയർക്കീസും, ആകുന്നു.

2. മലങ്കരസഭ—മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതും, പൌരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയിൽ ഉൾപ്പെട്ടതും, പൌരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും, ആകുന്നു.

3. ഓർത്തഡോക്സ് സുറിയാനിസഭയെ ചില കാരണങ്ങളാൽ യാക്കോബായസഭ എന്നുകൂടെ പേരു പറഞ്ഞുവരുന്നതുപോലെ—മലങ്കരസഭയേയും അതേ കാരണങ്ങളാൽ യാക്കോബായസഭ എന്നുകൂടെ പേരു പറഞ്ഞുവരുന്നുണ്ടെങ്കിലും—അതിനുള്ള പൂർവികമായ സാക്ഷാൽ പേര്, മലങ്കര ഓർത്തഡോക്സ് (സത്യ) സുറിയാനിസഭ എന്നാകുന്നു.

4. വിശുദ്ധ മാമോദീസാ കൈക്കൊണ്ടവരും; ത്രിത്വത്തിന്റെ ദൈവത്വം, പുത്രന്റെ മനുഷ്യാവതാരം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, വിശുദ്ധസഭ എന്നിവയിലും ഏഴു കൂദാശകളുടെ കർമ്മങ്ങൾ, നിയമാനുസരണമുള്ള അനുഷ്ഠാനങ്ങൾ, അവയിൽ നിഖ്യാവിശ്വാസപ്രമാണത്തിന്റെ ഉപയോഗം, എന്നിവയിലും, വിശ്വാസമുള്ളവരും; അവയെ അനുഷ്ഠിക്കേണ്ട ബാദ്ധ്യത സ്വീകരിച്ചിട്ടുള്ളവരും; ആയ—എല്ലാ സ്ത്രീപുരുഷന്മാരും, ഈ സഭയിലെ അംഗങ്ങൾ ആയിരിക്കുന്നതാകുന്നു.

# 8. പട്ടംകൊട.

## (A) ശെമ്മാശന്മാരും കശീശന്മാരും.

103. ശെമ്മാശുപട്ടത്തിനു ആളുകളെ തെരഞ്ഞെടുക്കുന്നതിനു ഓരോ മെത്രാസന ഇടവകയിലും മെത്രാസന ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടു പട്ടക്കാരും മൂന്നു അയ്മേനികളും ഉൾപ്പെട്ട ഒരു സെലക്ഷൻബോർഡു—ഉണ്ടായിരിക്കേണ്ടതാകുന്നു.

104. അപേക്ഷകന്മാർ—അവർ ഏതു ഇടവകയിൽ ഉൾപ്പെട്ടിരിക്കുന്നുവോ ആ ഇടവകയിലെ ഇടവക പൊതുയോഗത്തിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടി ഇടവകമെത്രാപ്പോലീത്തായുടെ അടുക്കൽ അപേക്ഷിക്കേണ്ടതും, വിരോധമില്ലെന്നു തോന്നുന്നപക്ഷം ടി അപേക്ഷയെ ഇടവകമെത്രാപ്പോലീത്താ സെലക്ഷൻ ബോർഡിലേക്കു അയക്കേണ്ടതും, സെലക്ഷൻബോർഡു അതേസംബന്ധിച്ചു വേണ്ട അന്വേഷണം നടത്തേണ്ടതും, സെലക്ഷൻബോർഡിന്റെ സർട്ടിഫിക്കററു കിട്ടിയിട്ടുള്ളവർ മാത്രം പട്ടത്വത്തിനു യോഗ്യന്മാരെന്നു ഗണിക്കപ്പെടേണ്ടതും, ആകുന്നു.

105. സ്കൂൾഫൈനൽകോഴ്സു കഴിയാത്ത യാതൊരുത്തനും പട്ടം കൊടുത്തുകൂടാത്തതാകുന്നു.

106. സെലക്ഷൻബോർഡിന്റെ സർട്ടിഫിക്കററു ലഭിച്ചിട്ടുള്ള ആളുകൾ പട്ടത്വത്തിനു അർഹന്മാരാണെന്നു ആ ഇടവകമെത്രാപ്പോലീത്തായ്ക്കു ബോധ്യം വരുന്നതായാൽ അവരെ വൈദികപഠനത്തിനായി സമുദായംവക ഏതെങ്കിലും ഒരു സിമ്മനാരിയിലേക്കു അയക്കേണ്ടതും, ആവശ്യമുള്ള വൈദികപഠനത്തിനു ശേഷം പട്ടത്വത്തിനു യോഗ്യന്മാരാണെന്നു സിമ്മനാരി പ്രിൻസിപ്പാൾ സർട്ടിഫിക്കററു കൊടുക്കുന്നതായാൽ ഇടവകമെത്രാപ്പോലീത്തായുടെ യുക്തംപോലെ അവർക്കു പട്ടം കൊടുക്കുന്നതും, ആകുന്നു.



## (B) മേല്പട്ടക്കാർ.

107. മലങ്കരക്കു ആവശ്യമുള്ള എപ്പിസ്കോപ്പന്മാരെയും മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പൽസിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കാ വാഴിക്കുന്നതാകുന്നു. ഒരു എപ്പിസ്കോപ്പായെയൊ മെത്രാപ്പോലീത്തായെയോ വാഴിക്കുമ്പോൾ. വാഴിക്കപ്പെടുന്ന മേല്പട്ടക്കാരൻ സിനഡിന്റെ അദ്ധ്യക്ഷനായ കാതോലിക്കാക്കു ശൽമൂസാ എഴുതിവയ്ക്കേണ്ടതാകുന്നു. ഇപ്രകാരം വാഴിക്കപ്പെടുന്ന മേല്പട്ടക്കാരനു, സ്ഥാത്തിക്കോൻ കാതോലിക്കാ കൊടുക്കുന്നതാകുന്നു.

108. ഒരാൾക്കു എപ്പിസ്കോപ്പാ ആയോ മെത്രാപ്പോലീത്താ ആയോ പട്ടം കൊടുക്കണമെങ്കിൽ ആ ആളെ ആ സ്ഥാനത്തേക്കു അസോസിയേഷൻ തെരഞ്ഞെടുക്കേണ്ടതും, ആ തെരഞ്ഞെടുപ്പിനെ എപ്പിസ്കോപ്പൽ സിനഡു അംഗീകരിക്കുന്നപക്ഷം സിനഡിന്റെ സഹകരണത്തോടുകൂടി കാനോൻ നിബന്ധന അനുസരിച്ചു കാതോലിക്കാ ആ ആളിനു പട്ടം കൊടുക്കേണ്ടതും, ആകുന്നു. തെരഞ്ഞെടുപ്പിനു അസോസിയേഷനിൽ ഹാജരുള്ള പട്ടക്കാരുടെയും അത്മായക്കാരുടേയും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതാകുന്നു.

109. ഒരാൾക്കു കാതോലിക്കാ ആയി പട്ടം കൊടുക്കണമെങ്കിൽ—ആ ആളെ ആ സ്ഥാനത്തേക്കു അസോസിയേഷൻ തെരഞ്ഞെടുക്കേണ്ടതും, ആ തെരഞ്ഞെടുപ്പിനെ എപ്പിസ്കോപ്പൽസിനഡു അംഗീകരിക്കുന്നപക്ഷം സിനഡു ആ ആളിനു പട്ടംകൊടുക്കുന്നതും, ആകുന്നു. മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസുണ്ടെങ്കിൽ കാതോലിക്കായെ വാഴിക്കുന്ന അവസരത്തിൽ പാത്രിയർക്കീസിനെയും ക്ഷണിക്കേണ്ടതും, പാത്രിയർക്കീസ് വരുന്നപക്ഷം സിനഡിന്റെ പ്രസിഡണ്ടു എന്ന നിലയിൽ സിനഡിന്റെ സഹകരണത്തോടുകൂടി പട്ടം കൊടുക്കേണ്ടതും, ആകുന്നു.

# 9. പരാതികളും വിധികളും.

110. ഒരു അയ്മേനിയുടെയോ ശെമ്മാശന്റെയോ കശ്ശീശ്ശായുടെയൊ—പേരിലുള്ള പരാതി അവർ ഏതു മെത്രാ

## 5. കാതോലിക്കാ.

90. മലങ്കര ഉൾപ്പെട്ട പൌരസ്ത്യ ഓർത്തഡോക്സ് (സത്യ) സുറിയാനിസഭയിൽ 1088-ൽ കാതോലിക്കാ സിംഹാസനം പുനർസ്ഥാപിക്കപ്പെട്ടിട്ടുള്ളതും, അന്നുമുതൽ ഈ സ്ഥാപനം പൌരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയിൽ വ്യാപരിച്ചുവരുന്നതും, ആകുന്നു.

91. മലങ്കരയിലുള്ള എല്ലാ പള്ളികളും ഔദ്യോഗികമായി സന്ദർശിക്കുന്നതിനു കാതോലിക്കായ്ക്കു അവകാശമുള്ളതും, അങ്ങനെ സന്ദർശിക്കുന്ന അവസരങ്ങളിൽ അദ്ദേഹത്തിന്റെ ചെലവ് അതാതു പള്ളികളിൽനിന്നും വഹിക്കേണ്ടതും, ആകുന്നു.

## 6. പാത്രിയർക്കീസ്.

92. കാതോലിക്കാപ്രസിഡണ്ടായ എപ്പിസ്കോപ്പൽ സിനഡിന്റെ സഹകരണത്തോടുകൂടെയും കാനോനികമായും വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ, മലങ്കരസഭ പാത്രിയർക്കീസായി അംഗീകരിക്കുന്നതാകുന്നു.

93. കാതോലിക്കായെ വാഴിക്കുന്ന അവസരത്തിൽ മേൽപ്രകാരം അംഗീകരിക്കപ്പെടുന്ന പാത്രിയർക്കീസ് ഉള്ളപക്ഷം ക്ഷണിക്കപ്പെടേണ്ടതും, വരുന്നപക്ഷം കാതോലിക്കായെ വാഴിക്കുന്ന എപ്പിസ്കോപ്പൽ സിന്നഡിന്റെ പ്രസിഡണ്ടായി സിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കായെ വാഴിക്കുന്നതും, വരാത്തപക്ഷം എപ്പിസ്കോപ്പൽസിന്നഡ് കാതോലിക്കായെ വാഴിക്കുന്നതും, ആകുന്നു.

94. കാതോലിക്കായുടെ പേരിലുള്ള പരാതി കേട്ടു തീരുമാനം ചെയ്യുന്നതിനായി എപ്പിസ്കോപ്പൽസിനഡ് കൂടേണ്ടതായി വരികയാണെങ്കിൽ, മേൽപ്രകാരം അംഗീകരിക്കപ്പെടുന്ന പാത്രിയർക്കീസ് ഉള്ളപക്ഷം ക്ഷണിക്കപ്പെടേണ്ടതും, വരുന്നപക്ഷം സിനഡിൽ അദ്ദേഹം അദ്ധ്യക്ഷം വഹിക്കുന്നതും, വരാത്തപക്ഷം എപ്പിസ്കോപ്പൽസിനഡ് കൂടി പരാതിയെപ്പററി തീരുമാനം ചെയ്യുന്നതും, വിവരത്തിനു പാത്രിയർക്കീസിനു റിപ്പോർട്ടയയ്ക്കുന്നതുമാകുന്നു.



## 7. എപ്പിസ്കോപ്പൽ സിനഡ്.

95. മലങ്കരെ ഒരു എപ്പിസ്കോപ്പൽസിനഡ് ഉണ്ടായിരിക്കുന്നതാകുന്നു.

96. മലങ്കരെയുള്ള എല്ലാ മേല്പട്ടക്കാരും ഈ സിനഡിലെ അംഗങ്ങളായിരിക്കുന്നതാകുന്നു.

97. കാതോലിക്കാ സിനഡിന്റെ പ്രസിഡണ്ടായിരിക്കുന്നതാകുന്നു.

98. കാതോലിക്കാ സിനഡു വിളിച്ചുകൂട്ടുന്നതും സിനഡിൽ അദ്ധ്യക്ഷം വഹിക്കുന്നതും, ആകുന്നു.

99. കാതോലിക്കാ ഇല്ലാതെ വരുന്ന അവസരത്തിൽ സീനിയർ മെത്രാപ്പോലീത്താ സിനഡു വിളിച്ചുകൂട്ടുന്നതും, സിനഡിൽ അദ്ധ്യക്ഷം വഹിക്കുന്നതും, ആകുന്നു.

100. വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ (Faith Order and Discipline)എന്നിവകളെസ്പർശിക്കുന്ന സംഗതികളെ സംബന്ധിച്ചു തീരുമാനം ചെയ്യുന്നതിനു എപ്പിസ്കോപ്പൽസിനഡിനു അധികാരമുള്ളതാകുന്നു. ഇതിലേക്കായി സിനഡു കൂടുമ്പോൾ ആലോചനയ്ക്കായി ഒരു ഉപദേശകസമിതി കൂടെ ഉണ്ടായിരിക്കേണ്ടതും, ഉപദേശകസമിതിയുമായി കൂടിയാലോചന കഴിഞ്ഞശേഷം സിനഡ് തീരുമാനം ചെയ്യേണ്ടതും, ആകുന്നു. ഉപദേശകസമിതിയിലെ അംഗങ്ങളെ അസോസിയേഷൻ മാനേജിംഗ് കമ്മററി തെരഞ്ഞെടുക്കേണ്ടതും അവരിൽ മൂന്നിൽ രണ്ടുവീതം പട്ടക്കാർ ആയിരിക്കേണ്ടതും, ആകുന്നു.

101. സഭയുടെ വിശ്വാസത്തെ ഭേദപ്പെടുത്തുന്നതിനു ആർക്കുംതന്നെ അവകാശമില്ലാത്തതാകുന്നു. എന്നാൽ വിശ്വാസം ഇന്നതാണെന്നുള്ളതിനെ സംബന്ധിച്ചു തർക്കം ഉണ്ടായാൽ എപ്പിസ്കോപ്പൽ സിനഡിനു തീരുമാനം ചെയ്യാവുന്നതാകുന്നു.

102. വൈദികവിദ്യാഭ്യാസം, മിഷ്യൻവേല, സണ്ടേസ്കൂൾ, മുതലായ സംഗതികൾക്കു അസോസിയേഷൻമാനേജിംഗ് കമ്മററിയുടെ ആലോചനയോടുകൂടി എപ്പിസ്കോപ്പൽസിനഡിനു സബ് കമ്മററികളെ നിയമിക്കാവുന്നതാകുന്നു.

രണാപ്പടന.

Jose Varughese N
Nallimala House
Konni P.O. 689691
Pathanamthitta (Dist.)